# US PROFILES



## ഡോ. ബാബു സ്റ്റീഫൻ





# ഡോ. ബാബു സ്റ്റീഫൻ

# മുഖ്യധാരയിൽ സജീവം; മികച്ച സംരംഭകൻ

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർ ബാബു സ്റ്റീഫനെ മാതൃകയാക്കണം. വിജയിച്ചാൽ സന്തോഷം, വിജയിച്ചില്ലെങ്കിലും സന്തോഷം എന്നതാണ് ഫൊക്കാന പ്രസിഡന്റ് സ്ഥാനാർഥിയായ ബാബു സ്റ്റീഫന്റെ നിലപാട്. തോറ്റുപോയാൽ ഡിപ്രഷനടിക്കുകയും സംഘടനയിൽ കുത്തിത്തിരിപ്പുണ്ടാക്കുകയുമൊക്കെ ചെയ്യുന്നവർ അനുകരിക്കേണ്ട മാതൃക തന്നെ.

ഫൊക്കാനയ്ക്ക് പുതിയ പ്രവർത്തന പന്ഥാവ് തുറക്കുമെന്നതാണ് അദ്ദേഹത്തിന്റെ പ്രധാന വാഗ്ദാനം.. രാഷ്ട്രീയരംഗത്ത് എന്തു നടക്കുന്നുവെന്നോ എങ്ങനെ നമ്മുടെ ആളുകളെ രാഷ്ട്രീയത്തിലേക്ക് കൈപിടിച്ചുയർത്താമെന്നോ എന്നൊന്നും ഒരു ധാരണയുമില്ല. ഇപ്പോൾ മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള 190-ൽപ്പരം ഇന്ത്യക്കാർ വാഷിംഗ്ടണിൽ ഉന്നത സ്ഥാനങ്ങളിലുണ്ടെങ്കിലും മലയാളികൾ നാമമാത്രം. ഇതിനൊരു മാറ്റം വേണം. ഫെഡറൽ തലത്തിൽ ഒരു ഡപ്യൂട്ടി സെക്രട്ടറി സ്ഥാനമൊക്കെ മലയാളികൾക്ക് കിട്ടാവുന്നതേയുള്ളൂ.

വാഷിംഗ്ടണിൽ നിന്ന് ഔദ്യോഗികമായി ചൈനയടക്കം വിവിധ രാജ്യങ്ങളിലേക്ക് വാണിജ്യ സംഘം പോകുമ്പോൾ മിക്കവാറും അതിലൊരാൾ ബാബു സ്റ്റീഫനാകും. അത്ര ആഴത്തിലുള്ള ബന്ധങ്ങളാണ് ഈ തിരുവനന്തപുരത്തുകാരൻ സൃഷ്ടിച്ചത്. എന്നാൽ ഔദ്യോഗിക സ്ഥാനങ്ങൾ



വഹിക്കാൻ ഒരിക്കലും താത്പര്യം കാട്ടിയില്ല. പ്രധാന കാരണം അത് തന്റെ ബിസിനസ് രംഗത്തെ ബാധിക്കുമെന്നതും.

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് പിതാവിനൊരു ഏലത്തോട്ടമുണ്ടായിരുന്നു. എലയ്ക്കാ ബിസിനസും. അവിടെ നല്ല സ്കൂളില്ലാതിരുന്നതിനാൽ വിവിധ സ്ഥലങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാ





സം. കൊട്ടാരക്കരയിൽ ഏഴാം ക്ലാസ് വരെ. പിന്നെ നാസിക്കൽ പഠിച്ച് സ്കൂൾ ഫൈനൽ പാസായി.

സമ്പന്ന കുടുംബ പശ്ചാത്തലമായതിനാൽ അല്ല ലൊന്നും അറിഞ്ഞില്ല. ബി.കോം പഠനം കഴിഞ്ഞ് പ്രത്യേക ലക്ഷ്യങ്ങളൊന്നും ഇല്ലാതെ കഴിയുന്ന കാലം. മിക്കപ്പോഴും മസ്കറ്റ് ഹോട്ടലിൽ പോകും. ഒരു ദിവസം അവിടെ ഇരിക്കുമ്പോൾ അവിചാരിതമായി ഒരാളെ പരിചയപ്പെട്ടു. കുശല മൊക്കെ പറഞ്ഞപ്പോൾ പഠനം കഴിഞ്ഞ് നിൽക്കുക യാണെന്ന് അറിയിച്ചു.

എന്നാൽ പിന്നെ അമേരിക്കയിലേക്ക് ഉപരിപ ഠനത്തിന് പൊയ്ക്കോ, പേപ്പറൊക്കെ ശരിയാക്കി തരാം എന്നായി അദ്ദേഹം. ജയ്ഹിന്ദ് ട്രാവൽസ് ഉടമ ടി.കെ.എസ് ജോർജ് ആയിരുന്നു അത്.

അങ്ങനെ 1978-ൽ അമേരിക്കയിൽ സ്റ്റുഡന്റ്സ് വിസയിൽ എത്തി. ജീവിതത്തിലെന്നും ഒരുപാട് പേർ സഹായിച്ചിട്ടുണ്ട്. അവരെ എന്നും നന്ദിപൂർ വ്വം സ്മരിക്കുന്നു.

ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ എം.ബി.എ എടുത്തു. ഇതിനിടെ വിവിധ ആശു പത്രികളുമായി ബന്ധം സ്ഥാപിക്കുകയും അവർ ക്കായി നഴ്സുമാരെ അമേരിക്കയിലെത്തിക്കുകയും ചെയ്തു. ഇത് ഇമിഗ്രേഷൻ അധികൃതർ കുറ്റമായി കണ്ടു. രാജ്യംവിടാൻ നിർദേശം കിട്ടി.

അതേ തുടർന്ന് ഇന്ത്യൻ എംബസിയിൽ ജോ ലിക്ക് കയറി. ഡിപ്ലോമാറ്റിക് സ്റ്റാറ്റസ് എന്നതായി രുന്നു ലക്ഷ്യം. ഒരു വർഷം അവിടെ പ്രവർത്തിച്ചു. തുടർന്ന് വാഷിംഗ്ടൺ മേയറുടെ പ്രചാരണത്തി ന്റെ ഭാഗമായി. അദ്ദേഹവുമായി നല്ല ബന്ധം സ്ഥാപിച്ചു. ബിസിനസ് അഡ്മിനിസ്ട്രേഷൻ ബിരു ദമുള്ളതിനാൽ സ്വന്തം ബിസിനസ് തുടങ്ങാൻ മേയർ മാരിയോൺ ബാരി ആണ് നിർദേശിച്ചത്. എം.ബി.എ എടുത്തത് ഹോസ്പിറ്റൽ അഡ്മിനി സ്ട്രേഷനിലായിരുന്നതിനാലും ഭാര്യയ്ക്ക് സൈ ക്കോളജിയിൽ മാസ്റ്റേഴ്സ് ഉണ്ടായിരുന്നതിനാലും നഴ്സിംഗ് ഹോം തുടങ്ങാൻ അനുമതി ലഭിച്ചു.

അതിനു പണം വേണം. പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറി പി.സി അലക് സാണ്ടറാണ് സഹായിച്ചത്. അദ്ദേഹത്തിന്റെ ശു പാർശയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നു മൂന്നു മില്യൻ ഡോളർ വായ്പ ലഭിച്ചു. അങ്ങനെ ബിസിനസ് രംഗത്തേക്ക് 1984-ൽ കാലെടുത്തുവച്ചു.

വിവേചനങ്ങളൊന്നും നേരിട്ടിട്ടില്ലെങ്കിലും മാർഗനിർദേശം തരാൻ ആരുമുണ്ടായിരുന്നില്ല. അങ്ങനെ ചില അബദ്ധങ്ങളും പറ്റി. ഇരുപത്തിര ണ്ടാം വയസിൽ ഒരു ഹോട്ടലിൽ നൈറ്റ് ഓഡിറ്റർ ജോലിക്ക് ചെന്നു. രാത്രിയിലെ വരവ് ചെലവ് കണ



ക്കുകൾ എഴുതുകയാണ് ജോലി. പത്തു വർഷത്തെ എക്സ്പീരിയൻസ് ഉണ്ടെന്നു കള്ളംപറഞ്ഞു. അപ്പോൾ 12 വയസിൽ ജോലി തുടങ്ങിയോ എന്നു ചോദ്യം.

ജോലി കിട്ടില്ലെന്ന് ഉറപ്പായപ്പോഴാണ് കുറച്ച് പ്രായമുള്ള ഒരു സായിപ്പ് വരുന്നത്. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള സായിപ്പ് ഇന്ത്യയിൽ വന്നിട്ടുണ്ട്. തിരുവനന്തപുരത്തും. ഹോട്ടിലിന്റെ ജനറൽ മാനേജരായിരുന്നു അത്. തിരുവനന്തപുരം ബന്ധത്തിന്റെ പേരിൽ  എന്തായാലും അദ്ദേഹം ജോലി നൽകി. ഒരു വർഷം അത് ചെയ്തു.

അന്നു സോഷ്യൽ സെക്യൂരിറ്റി നമ്പരിന്റെ കാര്യം പോലും അറിയില്ലായിരുന്നുവെന്നു പറഞ്ഞാൽ സ്ഥിതി മനസിലാകുമല്ലോ.

പൂനെയിലൊക്കെ പഠിച്ചതുകൊണ്ട് ഹിന്ദി നന്നായി അറിയാം. അതിനാൽ മലയാളികൾക്ക് പകരം നോർത്ത് ഇന്ത്യക്കാരുമായിട്ടായിരുന്നു എന്നും കൂടുതൽ ബന്ധം. ഏഴു  വർഷമേ ആയിട്ടുള്ളൂ മലയാളി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിച്ചിട്ട്. ഇന്ത്യൻ അമേരിക്കൻ പ്രസ്ക്ലബ് ചെയർ എന്ന നിലയിൽ തുടക്കം. രണ്ട് കണ്വന്‍ഷനുകൾക്ക് നേതൃത്വം നൽകി. പിന്നെ ഫൊക്കാനയിൽ വന്നു.

പൊതുവിൽ അമേരിക്കക്കാർ നല്ല മനുഷ്യരാണെന്നാണ് ബാബു സ്റ്റീഫന്റെ പക്ഷം. പക്ഷെ ബന്ധത്തിൽ ലോയൽട്ടി പ്രധാനം. പല വള്ളത്തിൽ കാലു വയ്ക്കുന്നത് നല്ലതല്ല.  മേയർ സ്ഥാനത്തേക്ക് ഒരു സുഹൃത്ത് മത്സരിക്കാൻ വന്നപ്പോൾ തന്റെ പിന്തുണ നിലവിലെ മേയർക്കാണെന്നു തുറന്നുപറഞ്ഞു. അത് മേയർ അറിഞ്ഞു. ആ വിശ്വസ്ഥത അദ്ദേഹം ഒരിക്കലും മറന്നില്ല.

ഒരു നഴ്സിംഗ് ഹോമിൽ നിന്ന് തുടങ്ങി ഇപ്പോൾ പതിനാറ്  നഴ്സിംഗ് ഹോമുകളുണ്ട്. അവയുടെ ചുമതല ഭാര്യയ്ക്കാണ്. ആദ്യത്തെ  നഴ്സിംഗ് ഹോം പണിതതിൽ നിന്നാണ് കൺസ്ട്രക്ഷൻ രംഗത്തേക്കുള്ള ചുവടുവെയ്പ്. കൺസ്ട്രക്ഷൻ കമ്പനിയുടെ ചുമതല ബാബു സ്റ്റീഫനാണ്. ആവശ്യക്കാർക്ക് കെട്ടിടങ്ങൾ നി ർമ്മിച്ച് നൽകുന്നതിനു പുറമെ 62 കെട്ടിടങ്ങൾ സെമി ലീസിനു നൽകിയിരിക്കുന്നു. പലതും സർക്കാരിനാണ്. റെന്റ് കിട്ടും. കൺസ്ട്രക്ഷൻ രംഗം ഏറെ ആദായകരമാണെന്നദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.



വാഷിങ്ടൺ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അമേരിക്കൻ മലയാളി വ്യവസായി ഡോ. ബാബു സ്റ്റീഫൻ, ദുരിതാശ്വാസനിധിയിലേക്കുള്ള ഒരു കോടി രൂപയുടെ ഡ്രാഫ്റ്റ് മുഖ്യമന്ത്രി പിണറായി വിജയനു കൈമാറുന്നു

എൺപതുകളിൽ ജോയി ചെറിയാൻ സ്ഥാപിച്ച പൊളിറ്റിക്കൽ ആക്ഷൻ കമ്മിറ്റിയിലും സജീവമായി പ്രവർത്തിച്ചു.

ഫൊക്കാന പ്രസിഡന്റായാൽ ആദ്യ വർഷം തന്നെ നാട്ടിൽ 25 വീട് നിർമിച്ചുനൽകും. തിരുവനന്തപുരത്തെ അമ്പൂരിയിലും മറ്റു പലയിടങ്ങളിലും തനിക്ക് സ്ഥലമുണ്ട്. കൂടുതൽ സ്പോൺസർമാരെ കിട്ടിയാൽ കൂടുതൽ വീടുകൾ വച്ചുനൽകും.

കേരളത്തിൽ നിന്ന് ഒട്ടേറെ പേരെ ജോലിക്കായി സ്പോൺസർ ചെയ്ത് കൊണ്ടുവന്നിട്ടുണ്ട്. കഴിയുന്നത്ര പേരെ സഹായിക്കാൻ ഒരിക്കലും മടിച്ചിട്ടില്ല.

ഇവിടുത്തെ വിദ്യാഭ്യാസ രംഗത്തെപ്പറ്റിയും അവസരങ്ങളെപ്പറ്റിയും മിക്കവർക്കും ധാരണയൊന്നുമില്ല. നാട്ടിലെ ഡെന്റൽ ബിരുദത്തിന് ഇവിടെ അംഗീകാരമില്ലെങ്കിലും ഒരു വർഷം ഇവിടെ പഠിച്ച് അംഗീകാരം നേടാൻ പല സ്ഥാപനങ്ങളുമുണ്ടെന്ന് ആർക്കും അറിയില്ല.

സ്കോളർഷിപ്പുകളും ഏർപ്പെടുത്തും.

ഭാര്യ ഗ്രേസി സ്റ്റീഫൻ പുനലൂർ സ്വദേശിയാണ്. മകൾ ഡോ. സിന്ധു സ്റ്റീഫൻ ഗ്യാസ്ട്രോ എന്ററോളജിസ്റ്റാണ്. ഭർത്താവ് ജിം ജോർജ്. മൂന്നു കൊച്ചുമക്കൾ.

സംഘാടകൻ, വ്യവസായി, മാധ്യമ പ്രവർത്തകൻ, പൊളിറ്റിക്കൽ ആക്ടിവിസ്റ്റ് തുടങ്ങി വിവിധ മേഖലകളിൽ സ്തുത്യർഹമായ നേട്ടം കൈവരിച്ച വ്യക്തിയാണ് ഡോ. ബാബു സ്റ്റീഫൻ.





കേരളത്തിൽ പ്രളയ മുണ്ടായപ്പോൾ സ്വന്തം കയ്യിൽ നിന്ന് ഒരു കോടി രൂപ മുഖ്യമന്ത്രിയുടെ ദുരി താശ്വാസ നിധിയിലേക്ക് നൽകാനും മടിച്ചില്ല.

സംഘടനയിൽ വലിയ മാറ്റങ്ങളും പുതിയ കർമ്മ പരിപാടികളും ആവിഷ്ക രിക്കുമെന്ന് പ്രഖ്യാ പിച്ചാണ് ബാബു സ്റ്റീഫൻ രംഗത്തിറങ്ങുന്നത്. കൺ വൻഷനുകൾ ലക്ഷ്യമി ട്ടു പ്രവർത്തിക്കുന്നതിന് പകരം അമേരിക്കൻ രാ ഷ്ട്രീയ രംഗത്തു സ്വാധീന വും ശക്തിയും മലയാളി സമൂഹത്തിനും നേടിയെ ടുക്കുക എന്ന ലക്ഷ്യ ത്തിലൂന്നിയായിരിക്കും പ്രവർത്തനമെന് അദ്ദേഹം പറഞ്ഞു.

പതിവ് പരിപാടികളും ചാരിറ്റി പ്രവർത്തനങ്ങളും തുടരുമെങ്കിലും മലയാളി സമൂഹത്തെ ശാക്തീക രിക്കാനും മുഖ്യധാരയിലേക്ക് കൊണ്ടുവരാനുമുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കും.

സംഘടനയിൽ അധികാരം വീതം വച്ച് നൽകു ന്ന രീതിയോട് താല്പര്യമില്ലെന്ന് അദ്ദേഹം പറഞ്ഞു. ജനകീയ പ്രസ്ഥാനം എന്ന നിലയിൽ ജനാധിപത്യ രീതിയിൽ സംഘടന പ്രവർത്തിക്കണം.

എല്ലാ തലത്തിലും ഫൊക്കാന ശക്തിപ്പെടുത്താ നും കൂടുതൽ ജനപങ്കാളിത്തം നേടാനും പദ്ധതി കൾ ആവിഷ്കരിക്കും.

ഫൊക്കാനയിൽ വിവിധ തലങ്ങളിൽ പ്രവർ ത്തിച്ച ഡോ. ബാബു സ്റ്റീഫൻ വാഷിംഗ്ടൺ ഡി സി കേന്ദ്രമായുള്ള പ്രമുഖ വ്യവസായിയും മാധ്യമ സംരംഭകനുമാണ്. കൈരളി ടിവിയുടെ സ്ഥാപക അംഗങ്ങളിലൊരാളായിരുന്ന ബാബു സ്റ്റീഫൻ അമേരിക്കയിലെ ഇന്ത്യക്കാർക്കുവേണ്ടി രണ്ടു പത്രങ്ങളാണ് ആരംഭിച്ചത്. മെട്രോപൊളിറ്റൻ ഡി സിയിലെ എക്സ്പ്രസ് ഇന്ത്യ, ഇന്ത്യ ദിസ് വീക്ക് എന്നിവ. കൈരളി ടിവിയിൽ 88 എപ്പിസോഡുകളിലാ യി സംപ്രേക്ഷണം ചെയ്ത ഷാജി എം. സംവിധാ നം ചെയ്ത സമ്മൻ ഇൻ അമേരിക്കയുടെ നിർമാതാ വുമായിരുന്നു.

വാഷിംഗ്ടൺ ഡിസിയിലെ ദർശൻ ടിവിയുടെ സ്ഥാപക പ്രൊഡ്യൂസർ കൂടിയായ ഇദ്ദേഹം, രാ ഷ്ട്രീയത്തിലും സജീവമാണ്. ബിസിനസ്, മാധ്യമ, രാഷ്ട്രീയ രംഗങ്ങളിൽ വ്യക്തമുദ്ര പതിപ്പിച്ച് മലയാ ളികൾക്ക് അഭിമാനമായ ബാബു സ്റ്റീഫനെ അടുത്തി ടെ തേടിയെത്തിയത് വാഷിംഗ്ടൺ ഡിസി മേയറു ടെ ആദരമാണ്. അമേരിക്കയിലെ മികച്ച ബിസിനസ് സംരംഭകരെ മാത്രം ഉൾപ്പെടുത്തി മേയർ നടത്തിയ ചൈനാ യാത്രാ ഡെലിഗേഷനൊപ്പം ഡോ. ബാബു സ്റ്റീഫനും ഉണ്ടായിരുന്നു.

ബാബു സ്റ്റീഫൻ ഡി.സി ഹെൽത്ത്കെയർ ഐ എൻസിയുടെ സി.ഇ.ഒയും എസ്.എം റിയാലിറ്റി








എൽഎൽസിയുടെ പ്രസിഡന്റുമാണ്. വാഷിംഗ്ടൻ ഡിസിയിൽ നിന്ന് എംബിഎ നേടിയ ഇദ്ദേഹം 2006ൽ പിഎച്ച്ഡിയും കരസ്ഥമാക്കി. ഇന്തോഅമേരിക്കൻ കമ്യൂണിറ്റിയിൽ പല നേതൃസ്ഥാനങ്ങളും ഇദ്ദേഹം വഹിച്ചിട്ടുണ്ട്.

രണ്ട് വർഷം ഇന്ത്യൻ കൾച്ചറൽ ഏകോപനസമിതിയുടെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ച അദ്ദേഹം യുണൈറ്റഡ് സ്റ്റേറ്റ് കോൺഗ്രഷണൽ ഉപദേശക സമിതിയിൽ അംഗവും ഫെഡറേഷൻ ഓഫ് ഇന്ത്യൻസ് ഇൻ അമേരിക്കയുടെ റീജിയണൽ വൈസ്പ്രസിഡന്റുമായിരുന്നു.

അസോസിയേഷൻ ഓഫ് ഇന്ത്യൻ ഇൻ അമേരിക്കയുടെ പ്രസിഡന്റായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

